**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കീം –2020

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം– ഓൺലൈൻ അപേക്ഷാ സമർപ്പണം അവസാന തീയതി 29.02.2020

2020–21 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ, പ്രവേശനപരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാനുള്ള അവസാന തീയതി **2020** ഫെബ്രുവരി **29, 5.00** മണി വരെ ആണ് . **അപേക്ഷ സമർപ്പിക്കുന്നതിനും അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിനുമുള്ള സമയം യാതൊരു കാരണവശാലും നീട്ടി നൽകുന്നതല്ല**. NEET UG -2020 പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ കേരളത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിൽ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം നിർബന്ധമായും 2020 ഫെബ്രുവരി 29 ന് മുമ്പായി കീം വഴി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരിക്കണം. **അപൂർണ്ണവും അവ്യക്തവും നിശ്ചിത മാതൃകയിലല്ലാത്തതുമായ സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും സംവരണം/ആനുകൂല്യം എന്നിവ അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല**. നിശ്ചിത തീയതിയ്ക്കു ശേഷം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരിട്ടോ തപാലിലോ ഇ–മെയിലിലോ ലഭിക്കുന്ന അപേക്ഷകളും സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷകൻ ഏതെങ്കിലും ഒരു കോഴ്സിനോ/ എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. 2020–ലെ സംസ്ഥാന പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ വായിച്ച് മനസിലാക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**
01.02.2020 മുതൽ 29.02.2020 വരെ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ പ്രവർത്തിക്കുന്നതാണ്.

**സിറ്റിസൺസ് കോൾ സെന്റർ നമ്പർ: 155300, 0471-2335523**
ദേശീയ അവധി ദിവസങ്ങളൊഴികെ 24 മണിക്കൂറും കോൾ സെന്റർ സേവനം ലഭ്യമാണ്.

Sd/-

തിരുവനന്തപുരം
28.02.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**